(ഡി) ഈ സംഭവത്തെ തുടർന്ന് അവിടെ നടന്നിരുന്ന ഡ്രിൽ നിർത്തലാക്കുവാൻ പോലീസ് നടപടി സ്വീകരിച്ചോ ;

(ഇ) ഏതൊക്കെ രാഷ്ട്രീയ കക്ഷികളാണ് ഈ ആവശ്യം ഉന്നയിച്ചത് ;

(എഫ്) മതസൗഹാർദ്ദം തകർക്കുന്ന രീതിയിലുള്ള ഡ്രിൽ നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അൻസാർ എന്നയാളെ ആർ.എസ്.എസ് അനുഭാവിയായ സജീവൻ മർദ്ദിച്ചത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(സി) പ്രതി സജീവൻ കോടതിയിൽ നിന്നും ജാമ്യമെടുത്തു.

(ഡി) നിയമവിരുദ്ധമായ ഡ്രിൽ നടക്കുന്നില്ലായെന്ന് ബോദ്ധ്യമായതിനാൽ നിയമ നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) യു.ഡി.എഫ്

(എഫ്) നിയമവിരുദ്ധമായ രീതിയിൽ കായിക, ആയുധ പരിശീലനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

പി. കെ. ഷൺമുഖദാസന് വെട്ടേറ്റ സംഭവം

94 (1029) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെയിൽനേഴ്സ് പി. കെ. ഷൺമുഖദാസന് 2000 ഡിസംബറിൽ വെട്ടേറ്റ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വെട്ടിയതാരെല്ലാമാണ് ;

(സി) അവരെ അറസ്റ്റു ചെയ്തുവോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ;

(ഡി) അദ്ദേഹത്തെ വെട്ടിയവർ ഏതു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണോ, ഏത് രാഷ്ട്രീയ കക്ഷിയുടെ അനുഭാവികളോ ആണെന്ന് പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കേസ് അന്വേഷണം നടന്നുവരുകയാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുനേരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങൾ

95 (1030) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ വിഭാഗത്തിനു നേരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങളിൽ പോലീസു കേസ് എടുക്കുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ അലംഭാവം കാണിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്. പഴവങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം 96/97 യു/എസ് 324, 354 ഐ.പി.സി. കേസിൽ എസ്.സി/എസ്.റ്റി (പി.എ) ആക്ട് വകുപ്പുകൾ കൂട്ടി ചേർക്കാത്തതിന് എച്ച്. സി. 1844, ദിനേശൻ, എച്ച്. സി. 2345 ശിവപ്രസാദ് എന്നിവരുടെ വാർഷിക വേതന വർദ്ധനവ് അനുസ്യൂതഫലത്തോടെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുണ്ട്.

കേസ് ചാർജ്ജ് ചെയ്യാൻ നടപടി

96 (1031) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-8-1997 വൈകിട്ട് ഏഴരമണിക്ക് ഉള്ളൂർ പാലത്തിന് സമീപം വച്ച് കെ. എൽ. വി. 942 എന്ന രജിസ്ട്രേഷൻ നമ്പരുള്ള ജീപ്പ് കെ. ബി. ടി 7785 എന്ന രജിസ്ട്രേഷൻ നമ്പരുള്ള സ്കൂട്ടറിൽ ഇടിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ സംഭവത്തിന്റെ ഫലമായി ആർക്കെല്ലാം പരിക്കേറ്റു ;

(സി) ഇതു സംബന്ധിച്ച് തിരുവനന്തപുരം ഒന്നാം ജൂഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് മുൻപാകെ എന്ന് എഫ്.ഐ.ആർ ഫയൽ ചെയ്തു ;

(ഡി) പ്രസ്തുത കേസ് ചാർജ്ജ് ചെയ്തുവോ ; എങ്കിൽ എന്ന് ;

(ഇ) പ്രസ്തുത കേസ് ചാർജ്ജ് ചെയ്യാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(എഫ്) കേസ് ചാർജ്ജു ചെയ്യാത്തതുകൊണ്ട് ഈ സംഭവത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം ക്ലെയിം ചെയ്യാൻ സാധ്യമല്ലാതെ വന്നിട്ടുണ്ടോ ;

(ജി) ഈ കേസ് വിനാവിളംബം ചാർജ്ജ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശിവൻ ചെട്ടിയാർ മകൻ മുരാരി, മൈതീൻപിച്ച മകൻ മുഹമ്മദ് ബഷീർ എന്നിവർക്ക് പരിക്കേറ്റു.

(സി) 11-08-1997-ൽ

(ഡി & ഇ) കൃത്യത്തിൽ ഉൾപ്പെട്ട വാഹനം കണ്ടുപടിക്കുവാനോ പ്രതിയെ അറസ്റ്റു ചെയ്യുവാനോ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത കേസ് ചാർജ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly